LIBRARY ARCHIVES Kerala Legislative Assembly

ചെങ്ങന്നൂർ മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ

167 (3601) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇറിഗേഷൻ വകുപ്പിലെ വിവിധ പദ്ധതികളിൽപ്പെടുത്തി ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ സാമ്പത്തിക വർഷം തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികളിലൂടെ സർക്കാരിനും പൊതുജനങ്ങൾക്കും കർഷകർക്കും എന്ത് പ്രയോജനം ലഭിച്ചിട്ടുണ്ട് അല്ലെങ്കിൽ ലഭിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പ്രവൃത്തികളുടെ വർഷം തിരിച്ചുള്ള വിശദവിവരങ്ങളും നിലവിലെ സ്ഥിതിയും അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*.

(സി) മേൽപ്പറഞ്ഞവയിൽ 2012-13-ലെ മൂന്നാമത്തെ പ്രവൃത്തി ഒഴികെ ബാക്കിയെല്ലാം state non-plan head-ൽ അനുവദിച്ചവയാണ്. തിരുവണ്ടൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 6-ൽ മുഴക്കിർ പാടശേഖരത്തിൽ സബ്കനാൽ കല്ലുപ്പറമ്പ് കോളനി ബണ്ട് റോഡിന്റെ നവീകരണവും സംരക്ഷണവും എന്ന പ്രവൃത്തി സർക്കാർ ഉത്തരവ് സാധാ. നമ്പർ 183/2013/ഡബ്ലു.ആർ.ഡി. തീയതി 22-2-2013 പ്രകാരം 27 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(ഡി) പാടശേഖര പ്രദേശങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനും ഗതാഗത സൗകര്യമൊരുക്കുന്നതിനും ടി പ്രവൃത്തികൾ സഹായകരമാകും.

ഭൂതപ്പുഴയിൽ തടയണ നിർമ്മാണം

168 (3603) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ഭൂതപ്പുഴയിലുള്ള തിരുവേഗപ്പുറ പാറക്കടവിൽ തടയണ നിർമ്മിക്കുവാനുള്ള നടപടി ഏതുഘട്ടത്തിലായെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പദ്ധതിയെക്കുറിച്ച് പഠനം നടത്തുന്നതിന് എത്ര തുകയാണ് മാറ്റി വച്ചിട്ടുള്ളത് ;

(സി) പദ്ധതി നടത്തിപ്പിന് എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ ; എങ്കിൽ അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ തൃത്താല പഞ്ചായത്തിലുള്ള തിരുവേഗപ്പുറ പാറക്കടവിൽ തടയണ നിർമ്മിക്കുവാനുള്ള പ്രോജക്ട് റിപ്പോർട്ട് നബാർഡ് ആർ.ഐ.ഡി.എഫ്. XXI -ൽ ഉൾപ്പെടുത്തി അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) പദ്ധതിയെക്കുറിച്ച് പഠനം നടത്തുന്നതിനായി 2007-08 ൽ 1,12,400 രൂപ അനുവദിക്കുകയും ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(സി) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അടങ്കൽ തുക 500 ലക്ഷം രൂപ.

കുട്ടനാട്ടിലെ ബോട്ട്ജെട്ടികൾ

169 (3604) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിൽ അപകടാവസ്ഥയിൽ ഇരിക്കുന്ന തടി ബോട്ട് ജെട്ടികളിൽ നിന്ന് ആളുകൾ വീഴുന്നതും അപകടങ്ങൾ സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വർഷങ്ങളായി ആവശ്യപ്പെടുന്ന പുത്തൻകായൽ ജെട്ടി, ചേന്നാംകരി അക്ഷരജെട്ടി, റ്റി. ആർ. റ്റി. ബേഴ്സ് ജെട്ടി, ചാവറ ഭവൻ ജെട്ടി എന്നിവ കോൺക്രീറ്റ് ജെട്ടി ആയി നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പല ബോട്ട്ജെട്ടികളും അപകടാവസ്ഥയിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി ജെട്ടികളുടെ വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly